# ഗവ. യുപിഎസ് ഇളമാട്

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

| | | |
|---|---|---|
| വിദ്യാലയ ത്തിന്റെ പേര് | - | ഗവ.യുപിഎസ് ഇളമാട് |
| സ്കൂൾ കോഡ് | - | **39354** |
| വില്ലേജ് | - | ഇളമാട് |
| പഞ്ചായത്ത് | - | ഇളമാട് |
| വാർഡ് | - | **7** |
| ബ്ലോക്ക് | - | ചടയമംഗലം |
| ജില്ല | - | കൊല്ലം |
| പ്രഥമാധ്യാപികയുടെ പേര് | - | ലേഖ സി പി |
| ഫോൺ | - | **8921852782** |

## ആമുഖം

വിദ്യാഭ്യാസ രംഗത്ത് മികച്ച നേട്ടം കൈവരിച്ച കേരളീയ മാതൃകയെ ദേശീയ അന്തർദേശീയ രംഗങ്ങളിൽ പ്രശംസിക്കപ്പെടുമ്പോഴും ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന സൂചികകളിൽ പ്രധാനപ്പെട്ടതായ എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിലേക്ക് നമുക്കിനിയും എത്തിച്ചേരേണ്ടതുണ്ട്. മാറിക്കൊണ്ടിരിക്കുന്ന ആഗോളക്രമത്തിനനുസരിച്ച് നമ്മുടെ കുട്ടികളെ തയാറാക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി അന്തർദേശീയ നിലവാരം കൈവരിക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിന്റെ NEP 2020 , സംസ്ഥാനസർക്കാരിന്റെ പൊതുവിദ്യാഭ്യാസ യജ്ഞം മറ്റ് സാമൂഹിക പിന്തുണകൾ എന്നിവയെല്ലാം പരിഗണിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നമ്മുടെ സ്കൂളിനേയും അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ഉൾപ്പെടുത്തി അക്കാദമിക മാസ്റ്റർപ്ലാൻ വിശദീകരിക്കുന്നു.

# ദർശനങ്ങൾ

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ജീവിത നൈപുണികൾ നേടുന്നതിനാവശ്യമായ ശേഷികൾ,ധാരണകൾ മനോഭാവങ്ങൾ എന്നിവ ആർജിക്കുന്നതിലൂടെ നവലോകക്രമത്തിലെ ഉത്തമ പൗരനാകാൻ ഓരോ വിദ്യാർത്ഥിയേയും പ്രാപ്തരാക്കുന്നതിന് വേണ്ടി എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യതയോടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ഇളമാട് ഗവൺമെന്റ് യു പി സ്കൂളിനെ ഒരു മികവിന്റെ കേന്ദ്രമാക്കി പരിവർത്തിപ്പിക്കുക.

ലക്ഷ്യങ്ങൾ

1.ഓരോ കുട്ടിയെയും അറിഞ്ഞുകൊണ്ട് വ്യക്തി വ്യത്യാസം കണക്കിലെടുത്ത് [ഒരു കുട്ടിയെ ഒരു യൂണിറ്റായി പരിഗണിച്ച്] കുട്ടിയുടെ സർവതോന്മുഖമായ വികസനം ലക്ഷ്യമാക്കി വൈജ്ഞാനിക,ഭാഷ,വൈകാരിക,സർഗാത്മക,സാമൂഹിക.ശാരീരിക ചാലക വികാസ മേഖലകൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് സമഗ്രാസൂത്രണവും പാഠാസൂത്രണവും ഫലപ്രദമായി നടപ്പിലാക്കുക

2.സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി സ്കൂൾ പശ്ചാത്തല ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുക[ആധുനികക്ലാസ്റൂം,ലൈബ്രറി,ലാബ്,കംപ്യൂട്ടർ,കളിസ്ഥലം,കളി ഉപകരണങ്ങൾ etc]തുടങ്ങിയവ വികസിപ്പിക്കുക

3. ഐസിടി,ആധുനിക സാങ്കേതിക വിദ്യകൾ,ഡിജിറ്റൽ സാധ്യതകൾ തുടങ്ങിയവയുടെ സഹായത്താൽ മിശ്ര പഠനം [BLENDED LEARNING] നടത്തി അവരെ സമത്വത്തിൽ അധിഷ്ഠിതമായി എല്ലാവർക്കും തുല്യതയോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക.

4.ശിശു സൗഹൃദവും,പരിസ്ഥിതി സൗഹൃദവുമായി പഠനാന്തരീക്ഷം ഒരുക്കുകയും ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപിടിക്കുന്ന ആഗോള മത്സര ക്ഷമതയുള്ള ഉത്തമ പൗരന്മാരുള്ള മാതൃകാ സമൂഹത്തെ വാർത്തെടുക്കയും ചെയ്യുക

5.ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ജീവിതനൈപുണികൾ [21st century life skills]നേടാൻ ഉതകുന്ന വിധം സ്കൂളിലെ ഓരോ കുട്ടിയെയും പാഠ്യപദ്ധതി മുന്നോട്ട് വെക്കുന്ന ധാരണകൾ,ശേഷികൾ,മനോഭാവങ്ങൾ എന്നിവ ആർജ്ജിക്കുവാൻ പ്രാപ്തരാക്കുക

6.നിരന്തര മൂല്യനിർണയിത്തിലൂടെ ഓരോ കുട്ടിയും minimum level learning നേടുന്നുണ്ടോ എന്ന് വിലയിരുത്തി ആവ?്യമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നു

7.പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ [CWSN] പാർശ്വവൽകൃത സാമൂഹിക വിഭാഗത്തിൽ പെടുന്ന കുട്ടികൾ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ എന്നിവർക്ക് പ്രത്യേകം കൈത്താങ്ങ് നൽകുന്ന വിധം [inclusive education]ഉൾച്ചേർച്ച പാഠ്യപദ്ധതി വിനിമയ സാധ്യതകൾ ആസൂത്രണം ചെയ്യുക

8.പഠനവൈകല്യം ഉള്ള കുട്ടികളെ കണ്ടെത്തി അടിസ്ഥാന ഭാഷ ശേഷികൾ അടിസ്ഥാന ഗണിത ക്രിയകൾ എന്നിവക്ക് ഊന്നൽ നൽകി പരിഹാരബോധനം നടത്തി അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും കുട്ടികൾക്ക് പ്രയാസമുള്ള വിഷയങ്ങൾക്ക് പ്രത്യേക പാക്കേജ് രൂപീകരിക്കുകയും ചെയ്യുക.

9.ഓരോ കുട്ടിയിലും അന്തർലീനമായ സഹജവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി[talent searching and nurturing unique potentiality individua mentorship ] നടത്തി സർഗാത്മക ശേഷി,സാഹിത്യ അഭിരുചികൾ,കലാകായിക പരിശീലനം,അവതരണ ശേഷി തുടങ്ങിയവ ഉൾപ്പെടുത്തി പെർഫോമൻസ് ബേസ്ഡ് പഠനാന്തരീക്ഷത്തിലൂടെ എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസ് വികസിപ്പിക്കുന്നു.

10.ആഗോള ഭാഷയായ ഇംഗ്ലീഷിൽ ആശയവിനിമയശേഷി വർദ്ധിപ്പിക്കുവാൻ കുട്ടികളെ സഹായിക്കുന്നു.

11.വായനാ ശീലം പ്രക്രിയ ശേഷികൾ ശാസ്ത്രീയ മനോഭാവം പരിസ്ഥിതി സൗഹൃദം ഭരണഘടനാ മൂല്യങ്ങളോടുള്ള പ്രതിബദ്ധത ധാർമിക മൂല്യങ്ങൾ ജനാധിപത്യ ബോധം സഹിഷ്ണുത തുടങ്ങി മൂല്യാധിഷ്ഠിത മനോഭാവം കുട്ടികളിൽ വളർത്തുന്നതിലൂ ചെ നവസാമൂഹിക പ്രശ്നങ്ങൾക്ക പരിഹാരം കാണാൻ ശ്രമിക്കുക

12.ശിശു മനശാസ്ത്ര സമീപനത്തിലൂടെ കുട്ടികളുടെ മാനസിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.

## അവസ്ഥാപഠനം

1925 ൽ ഭഗവതി വിലാസം എൽ പി സ്കൂൾ സർക്കാർ എയ്ഡഡ് സ്കൂൾ എന്ന പേരിൽ സ്ഥാപിക്കപ്പെടുകയും 1947 ൽ സർക്കാർ ഏറ്റെടുക്കുകയും ചെയ്ത ഈ വിദ്യാലയം 1960 ൽ യു പി സ്കൂൾ ആയി ഉയർത്തപ്പെട്ടു.70 സെന്റിലായി സ്ഥിതി ചെയ്യുന്ന സ്കൂളിൽ പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയായി 156 കുട്ടികൾ ഇപ്പോൾ പഠിക്കുന്നു.അധ്യാപകരായി 10 പേരും അനധ്യാപകരായി അഞ്ച് പേരും ഉൾപ്പെടെ 15 ജീവനക്കാർ ഉള്ള വിദ്യാലയം 2025 ൽ 100 ആം വർഷം ആഘോഷിച്ച ഇളമാട് ഗവൺമെന്റ് യുപി എസ്സിൽ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ പരിഗണിക്കുമ്പോൾ 100 വർഷത്തോളം പഴക്കമുണ്ടായിരുന്ന കെട്ടിടങ്ങൾ ഒരു പ്രധാന പോരായ്മ ആയിരുന്നു.ഈ സാഹചര്യത്തിൽ പിടിഎ അധ്യാപകർ നാട്ടുകാർ എന്നിവരുടെ ശ്രമഫലമായി ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ അവർകളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 75 ലക്ഷം രൂപ അനുവദിക്കുകയും ഏറ്റവും പഴക്കം ചെന്ന കെട്ടിടം പൊളിച്ചുനീക്കി മൂന്ന് നില കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ അഞ്ച് ക്ലാസ് റൂമിന്റെ നിർമാണപ്രവത്തനം നടത്തി ക്ലാസ്സ് മുറികൾ പ്രവർത്തന യോഗ്യമാക്കി. സ്കൂളിന്റെ പ്രധാന കെട്ടിടവും അൺ ഫിറ്റ് ആയതിനെ തുടർന്ന് പുതിയ ബിൽഡിങ്ങിന്റെ മുകൾ നിലയിൽ വീണ്ടും ക്ലാസ് റൂമുകൾ നിർമിക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്ന് വരികയാണ്.അതിന്റ ഫലമായി ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവകുപ്പ് മന്ത്രി ശ്രീമതി. ചിഞ്ചുറാണി അവർകളുടെ ആസ്തിവികസന ഫണ്ടിൽ നിന്നും സ്കൂളിന് 80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പണി പൂർത്തിയാകുന്ന മുറക്ക് സ്മാർട്ട് ക്ലാസ് റൂം ചുറ്റമതിൽ പ്രവേശന കവാടം ഓപ്പൺ എയർ ആഡിറ്റോറിയം എന്നിവ നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനമായ ഇളമാട് ഗ്രാമ പഞ്ചായത്ത് ഭരണാധികാരികൾ വാഗ്ദാനം ചെയ്തിട്ടുണ്ട് സ്റ്റോർ റൂം അടുക്കള ഉപകരണങ്ങൾ മൂന്ന് ലക്ഷം രൂപയുടെ ഫർണിച്ചറുകൾ അഞ്ചു ലക്ഷം രൂപ ചിലവഴിച്ച ശുചിമുറികൾ എന്നിവ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. SSK യുടെ ഫണ്ട് ഉപയോഗിച്ച് ഭിന്നശേഷി സൗഹൃദ ശുചിറൂം നിർമിച്ചിട്ടുണ്ട് .

## നേട്ടങ്ങൾ

- ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിടം.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.
- ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം.
- പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം.
- ചിത്രരചന പരിശീലനം.
- പഠനപിന്നുണ ആവശ്യമുള്ള കുട്ടികൾക്ക്  പരിഹാരബോധന പ്രവർത്തനങ്ങൾ.
- സർഗ്ഗാത്മകവേദികൾ , ആശയപ്രകടനവേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
- പ്രീപ്രൈമറി വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്ക്  എത്തിക്കാൻ വർണ്ണക്കൂടാരം.
- 2024-25 അധ്യയനവർഷത്തിൽ 9 LSS ഉം 8 USS ഉം ലഭിച്ചു.
- 2024-25 അധ്യയനവർഷത്തിൽ UP ഗണിതശാസ്ത്ര മേളയിൽ വെളിയം ഉപജില്ലാതല ഫസ്റ്റ് ഓവറോൾ
- 2024-25 അദ്ധ്യായനവർഷത്തിൽ  LP തല സാമൂഹ്യശാസ്ത്രമേളയിൽ വെളിയം ഉപജില്ലാതല ഫസ്റ്റ് ഓവറോൾ
- UP തലത്തിൽ CREATIVE CORNER ലഭിച്ചു

- **എല്ലാ കുട്ടികൾക്കും യോഗ പരിശീലനം**
- **മാലിന്യനിർമാർജ്ജനത്തിന് തുമ്പൂർമൂഴി**
- **RAIN WATER HARVESTING**
- **ഓരോ മാസവും ക്ലാസ് പി റ്റി എ**
- **കുട്ടികളുടെ വായനാസ്വാദനത്തിന് ഉതകുന്ന പുസ്തകശേഖരം**

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- ശാസ്ത്രലാബ്, കമ്പ്യൂട്ടർ ലാബിന്റെ അപര്യാപ്ത്തത
- വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും ഒരു ചെറിയ ശതമാനം കുട്ടികളെങ്കിലും വായനയിൽ പിന്നോക്കം നിൽക്കുന്നു.
- ഐടിഅധിഷ്ഠിതപഠനം എന്ന നിലയിലേക്ക് ക്ലാസ്സറൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല.
- കമ്പ്യൂട്ടറുകളുടെ എണ്ണം കുറവായതിനാൽ എല്ലാ കുട്ടികൾക്കും ഒരുപോലെ ഐടി പഠനം ഒരുക്കാനാകുന്നില്ല.
- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- കായിക അധ്യാപകന്റെയും കായിക പരിശീലനത്തിന്റെ അഭാവം
- ക്ലാസ്സ്പിടിഎ, പൊതുപിടിഎ എന്നിവയിലുള്ള രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ്
- സ്ഥലപരിമിതി

# സ്കൂൾതല പ്രവർത്തനങ്ങൾ

**പാഠം ഒന്ന്**

**നല്ല പാഠം**

**നല്ല മനുഷ്യരാവുക**

**ജൂൺ 2 മുതൽ 13 വരെ**

| ക്ര.ന | തീയതി/ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | **2025 ജൂൺ 3**<br>പൊതുകാര്യങ്ങൾ, മയക്കമരുന്ന്, ലഹരി ഉപയോഗത്തിനെതിരെ | ബോധവത്ക്കരണ ക്ലാസ്സ്<br>നാടകം<br>പോസ്റ്റർ നിർമ്മാണം | SRG<br>പിടിഎ | പിടിഎ |
| 2 | **2025 ജൂൺ 4**<br>റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ | ട്രാഫിക് സിഗ്നലുകൾ പരിചയപ്പെടുത്തുന്നു, വീഡിയോ പ്രദർശനം, വാഹനക്കളി | ക്ലാസ്സ് ടീച്ചേഴ്സ് | |
| 3 | **2025 ജൂൺ 5**<br>വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യ വത്ക്കരണം | കൈകഴുകൽ രീതി പരിചയപ്പെടുത്തൽ, പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് പ്രവർത്തനങ്ങൾക്ക് തുടക്കം, അടുക്കളത്തോട്ട നിർമ്മാണം, അലങ്കാര സസ്യങ്ങൾ നടീൽ | പിടിഎ | |

| | | | | |
|---|---|---|---|---|
| **4** | **2025 ജൂൺ 9**<br>ആരോഗ്യം, വ്യായാമം , കായിക ക്ഷമത | **ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സ്, zumba** | **പിടിഎ** | |
| **5** | **2025 ജൂൺ 10**<br>ഡിജിറ്റൽ അച്ചടക്കം | **TV, Mobile phone ഇവയുടെ അമിതോപയോഗം വരുത്തുന്ന വിപത്തുകൾ ഡോക്യുമെന്ററി.** | **ക്ലാസ്സ് ടീച്ചേഴ്സ്** | |
| **6** | **2025 ജൂൺ 11**<br>പൊതുമുതൽ സംരക്ഷണം | **പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധവത്ക്കരണ ക്ലാസ്സ്,** | **HM** | |
| **7** | **2025 ജൂൺ 12**<br>പരസ്പര സഹകരണത്തിന്റെ പ്രധാന്യം, റാഗിങ്, വൈകാരിക നിയന്ത്രണം ഇല്ലായ്മ | **ബോധവത്ക്കരണ ക്ലാസ്സ്,** | **ക്ലാസ്സ് ടീച്ചേഴ്സ്** | |
| **8** | **2025 ജൂൺ 13**<br>പൊതുക്രോഡീകരണം | **നല്ല ഒരു മനുഷ്യനായി തീരേണ്ടതിന്റെ ആവശ്യകത എന്തെന്ന് ബോധ്യപ്പെടുത്തൽ** | **HM**<br>**ക്ലാസ്സ് ടീച്ചേഴ്സ്** | |

# ലഹരിക്കെതിരെ.................

## പ്രത്യകപ്രവർത്തനങ്ങൾ

| ക്ര.ന | തീയതി | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | ജൂൺ 26 ലോകലഹരി വിരുദ്ധ ദിനം | പോലീസ്/ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ ബോധവത്ക്കരണ ക്ലാസ്സ്, നാടകം, പോസ്റ്റർ സ്കൂൾ ജന ജാഗ്രത സമിതി രൂപികിച്ച് സ്കൂൾ പരിസരത്ത് ലഹരി ഉപയോഗം നിയന്ത്രിക്കൽ | PTA<br>ജന ജാഗ്രത സമിതി<br>MPTA | PTA |
| 2 | ആഗസ്റ്റ് 15 | കുട്ടികളുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോയെ സജ്ജീവമായി ലഹരി വിരുദ്ധ ക്യാമ്പെയിൻ | PTA | |
| 3 | ഒക്ടോബർ 2 | ലഹരി വിരുദ്ധ ശൃംഖല സംഘടിപ്പിക്കൽ | PTA | |
| 4 | നവംബർ 1 | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കുട്ടികളുടെ നേതൃത്ത്വത്തിൽ കുടുംബയോഗങ്ങൾ, മുഖ്യമന്ത്രിയുടെ സന്ദേശം എല്ലാ | PTA<br>SMC | |

| | | | | |
|---|---|---|---|---|
| | | വീട്ടുകളിലും എത്തിക്കുന്നതിനുള്ള സംവിധാനം | | |
| 5 | നവംബർ 14 | കുട്ടികളുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന കലാപരിപാടികൾ, റാലി, | SRG<br>ക്ലാസ്സ് ടീച്ചേഴ്സ് | |
| 6 | ഡിസംബർ 10 | ക്ലാസ്സ് സഭ, കുട്ടികളുടെ സ്വതന്ത്രമായ ചർച്ച | ക്ലാസ്സ് ടീച്ചേഴ്സ് | |
| 7 | ജനുവരി 26 | പ്രവർത്തനങ്ങളുടെ അവലോകനം, അവധിക്കാല പ്രവർ ത്തനങ്ങളുടെ രൂപരേഖ തയാറാക്കൽ, കുട്ടികളുടെ സംഘം രൂപീകരിച്ച് അവരുടെ പ്രവർ ത്തനങ്ങളെ പ്രോജക്ട് രൂപത്തിലാക്കൽ | SRG<br>PTA | |
| 8 | ജനുവരി 30 | കുട്ടികളുടെപ്രോജക്ട് സമർപ്പിക്കൽ, അവരുടെ പ്രവർ ത്തനങ്ങൾ വരും വർഷങ്ങളിൽ പ്രാവർ | | |

| | | | | |
|---|---|---|---|---|
| | | **ത്തികമാക്കൽ** | | |

| ക്ര.ന | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **ഭാഷാവികാസമേഖല**<br><br>**മികച്ചവായനക്കാരാക്കുക.** | **വായനചങ്ങാത്തം**<br>ചിത്രവായന<br>അമ്മവായന<br>ചങ്ങലവായന<br>ക്ലാസ്സ്തല വായനമൂല സജ്ജമാക്കൽ<br><br>**മലയാളമധുരം**<br><br>**പത്രവായന**<br><br>**വായനോത്സവം**<br>**അക്ഷരചങ്ങാത്തം-**<br>അക്ഷരക്കാർഡ് അക്ഷരം ഉറപ്പിക്കൽ<br>**പദക്കാർഡ്-** ചിഹ്നം ഉറപ്പിക്കൽ<br>**മലയാളത്തിളക്കം.**<br>പരിഹാരബോധനം | ജൂൺ-ഫെബ്രുവരി<br><br><br>ജൂലൈ - ഫെബ്രുവരി<br><br>ജൂൺ-ഫെബ്രുവരി | രമ്യാകൃഷ്ണൻ<br><br>ദീപ്തി എസ് എസ്<br><br>ജിഷ എം | |
| 2 | **നല്ല ലേഖകർ** | **സംയുക്ത ഡയറി**<br><br>**സർഗാത്മക ഡയറി**<br><br>**സചിത്രപുസ്തകം**<br><br>**ആസ്വാദനക്കുറിപ്പ്**<br><br>**അടിക്കുറിപ്പ്**<br><br>**കവിതാപൂരണം**<br><br>**പതിപ്പ് തയാറാക്കൽ** | ജൂലൈ - ഫെബ്രുവരി | മഞ്ജു ആർ എസ്<br><br>ഷാന യു | |

| | | | | | | |
|---|---|---|---|---|---|---|
| | | യാത്രാവിവരണം<br><br>വായനാക്കുറിപ്പ്<br><br>ക്ലാസ്സ് പത്രം<br><br>രചനോത്സവം<br><br>ഭാഷോത്സവം | | | | |
| 3 | **Speak Easy Communicative English** | **Listening**<br><br>**Describing picture**<br><br>**Choreography**<br><br>**Story Telling**<br><br>**Story writing**<br><br>**Describing objects**<br><br>**Language Puzzles & Games**<br><br>**Recitation**<br><br>**English fest**<br><br>**One day One Word**<br><br>**(Vocabulary enrichment Programme )** | June- february | Aswini R S<br><br>Manju R S | | |
| 4 | സർഗാത്മകത | വിദ്യാരംഗം കലാസാഹിത്യ വേദി - ഉദ്ഘാടനം<br><br>കഥ, കവിത ശില്പശാല<br><br>പാട്ടരങ്ങ്<br><br>റീഡേഴ്സ് തീയേറ്റർ<br><br>സ്കൂൾ മാഗസിൻ | ജൂലൈ - ഫെബ്രുവരി | ജിഷ എം<br><br>ലേഖ സി പി | | |

| | | | | | |
|---|---|---|---|---|---|
| | | കടങ്കഥ<br>കഥാകഥനം<br>റോൾ പ്ലേ<br>സ്കിറ്റ്<br>എന്റെ വര<br>നാടൻപാട്ട് | | | |
| 5 | **വൈജ്ഞാനിക വികാസമേഖല** | **Little Scientist**<br>**ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ**<br>**ശാസ്ത്രമൂല സജ്ജമാക്കൽ**<br>**എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം**<br>**ഔഷധത്തോട്ട നിർ മ്മാണം**<br>**ശാസ്ത്രപോജക്ട് ഏറ്റെടുക്കൽ**<br>**Say No To Drugs**<br>**ലഹരി വിരുദ്ധ പ്രവർ ത്തനങ്ങൾ**<br>**ഫീൽഡ് ട്രിപ്**<br>**വ്യക്തിശുചിത്വം ബോധവത്കരണം**<br>**ശാസ്ത്രോത്സവം** | ജൂൺ - ഫെബ്രുവരി | ഷാന യു<br>അശ്വിനി അർ എസ് | |
| 6 | **Easy Maths** | **സംഖ്യാബോധം വളർ ത്തൽ**<br>**സ്ഥാനവിലപോക്കറ്റ്**<br>**മഞ്ചാടി സഞ്ചി**<br>**അബാക്കസ്** | ജൂൺ - മാർച്ച് | രമ്യാകൃഷ്ണൻ<br>മഞ്ജു ആർ എസ് | |

| | | | | | |
|---|---|---|---|---|---|
| | | **ICT** അധിഷ്ഠിത വിദ്യാഭ്യാസം<br>**Geogebra, PhysioGame**<br>ഗണിത കിറ്റ് രൂപീകരണം<br>ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>ഗണിതമൂല<br>ഗണിതപസിൽ<br>ഉല്ലാസഗണിതം<br>ഗണിത വിജയം<br>ഗണിത ശാസ്ത്രജ്ഞരെ അറിയൽ<br>ഗണിതോത്സവം<br>ഗണിത പ്രോജക്റ്റ്<br>ഗണിതപെട്ടി | | | |
| 7 | സാമൂഹിക മേഖല | ഭരണഘടനയെ അറിയാം<br>ഭൂപട നിർമ്മാണം<br>ഗ്ലോബിനെ അറിയാം<br>കാലാവസ്ഥാമാറ്റം<br>മഴമാപിനി നിർമ്മാണം<br>മഴക്കലണ്ടർ<br>സ്വാതന്ത്ര്യസമര നായകൻമാരെ അറിയൽ<br>മഹത്തായ വിപ്ലവങ്ങൾ | ജൂൺ - മാർച്ച് | മഞ്ചു ആർ എസ് | |

| | | | | | |
|---|---|---|---|---|---|
| 8 | **വൈകാരിക വികാസ മേഖല** | **പച്ചക്കറി കൃഷി**<br><br>**ശലഭ പാർക്ക്**<br><br>**എന്റെ മരം**<br><br>**ദിനാചരണം**<br><br>**ഡ്രൈഡേ -എല്ലാ വെള്ളിയാഴ്ചയും.** | ജൂൺ - ഡിസംബർ | ഷൈമ വിഎസ് | |
| 9. | **ശാരീരിക ചാലക വികാസ മേഖല** | **കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം**<br><br>**ബോധവത്കരണ ക്ലാസ്സ്**<br><br>**കായിക ഉപകരണങ്ങൾ സമാഹരിക്കൽ**<br><br>**കായിക അധ്യാപകന്റെ സേവനം ഉറപ്പാക്കൽ**<br><br>**കരാട്ടെ- സെൽഫ് ഡിഫൻസ്** | ആഗസ്റ്റ് - ജനുവരി | അശ്വിനി അർ എസ് | |
| 10 | **ഉൾച്ചേർന്ന വിദ്യാഭ്യാസം** | **ഭിന്നശേഷി സൗഹൃദ വിദ്യാലയം ഒരുക്കൽ**<br><br>**ഐടി അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ**<br><br>**മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾ** | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചേഴ്സ് | |
| 11 | **Know My Child** | **കുട്ടിയെക്കുറിച്ചുള്ള വിവരശേഖരണം** | ജൂൺ | ക്ലാസ്സ് ടീച്ചേഴ്സ് | |
| 12 | **മത്സരപരീക്ഷ പരിശീലനം** | **LSS**<br><br>**USS** | ജൂൺ - ഫെബ്രുവരി | അശ്വിനി അർ എസ്<br>രമ്യാകൃഷ്ണൻ | |

| | | | | | |
|---|---|---|---|---|---|
| | | **NuMats**<br>**STEP** | | മഞ്ജു ആർ എസ്<br>ഷാന യു | |
| 13 | **Little Genius** | **General Knowledge and Current affairs Project** | ജൂൺ - ഫെബ്രുവരി | ദീപ്തി എസ് എസ്<br>മഞ്ജു ആർ എസ് | |
| 14 | **ഹിന്ദി** | **അക്ഷര പരിചയം**<br>**സുരീലി ഹിന്ദി**<br>**പതിപ്പ്**<br>**ഡിഷ്നറി തയാറാക്കൽ** | ജൂൺ - മാർച്ച് | ഷൈമ വി എസ് | |
| 15 | **തനതുപ്രവർത്തനം** | **എന്റെ നാട്** | | എല്ലാ അധ്യാപകരും | |
| 16 | **CREATIVE CORNER** | **ശില്പസശാല** | ഓരോ മാസവും | | |
| 17 | **വർണക്കൂടാരം** | **ഉദ്ഘാടനം** | ജൂൺ | PTA<br>BRC<br>SMC | PTA |
| 18 | **ആരോഗ്യ വിദ്യാഭ്യാസം, ശുചിത്വവിദ്യാലയം** | **ബോധവത്ക്കരണ ക്ലാസ്സ്**<br>**പ്ലാസ്റ്റിക് രഹിത ക്യമ്പസ്സ്**<br>**ജൈവ അജൈവ വസ്തുക്കൾ മാലിന്യങ്ങൾ നിക്ഷേപിക്കാൻ പ്രത്യേക ബിന്നുകൾ സ്ഥാപിക്കൽ, ഹരിത സഭ** | ജൂൺ - ഫെബ്രുവരി | രമ്യാകൃഷ്ണൻ | PTA |

## ഭൗതിക സാഹചര്യം

ക്ലാസ്സ് മുറികളുടെ അപര്യാപ്ത് ത പരിഹരിക്കുന്നതിന് പിടിഎയുടെ ശ്രമത്താൽ ബഹുമാനപ്പെട്ട മൃഗസംരക്ഷണ ക്ഷീരവകുപ്പ് മന്ത്രി ശ്രീമതി. ചിഞ്ചുറാണി അവർകളുടെ ആസ്തിവികസന ഫണ്ടിൽ നിന്നും സ്കൂളിന് 80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഉപസംഹാരം

**2025 ൽ നൂറാം വാർഷികം ആഘോഷിക്കുന്ന ഈ വിദ്യാലയത്തിൽ ചിട്ടയായ ആസൂത്രണത്തിലൂടെയും മികച്ച പ്രവർത്തനങ്ങളിലൂടെയും  മികവിന്റെ കേന്ദ്രമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.**